# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

**Web Edition Only**

**2007 ആഗസ്റ്റ് 14**

## സഭാസെക്രട്ടറിയുടെ നടപടികളിൽ പ. സുന്നഹദോസിന് കടുത്ത അതൃപ്തി

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: പുതിയ അസോസിയേഷൻ സെക്രട്ടറിയുടെ നടപടികളിൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കടുത്ത അതൃപ്തി രേഖപ്പെടുത്തിയതായി അറിയുന്നു.

സ്ഥാനമേറ്റതു മുതൽ അപക്വമായ നടപടികളിലൂടെ എതിർപ്പു ക്ഷണിച്ചു വരുത്തിയിരുന്ന സെക്രട്ടറിയെ സുന്നഹദോസിന്റെ അതൃപ്തി അറിയിക്കുവാനും സെക്രട്ടറിയുടെ ഭരണഘടനാപരമായ സ്ഥാനം മനസ്സിലാക്കിക്കൊടുക്കുവാനും പ. പിതാവിനെയും ശ്രേഷ്ഠ നിയുക്ത ബാവായെയും പ. സുന്നഹദോസ് ചുമതലപ്പെടുത്തി.

പ. പിതാവിന്റെയോ വർക്കിംഗ് കമ്മറ്റിയുടെയോ, പരിശുദ്ധ സുന്നഹദോസിന്റെയോ അനുമതി കൂടാതെ വിദ്യാഭ്യാസ പ്രക്ഷോഭണവിഷയത്തിൽ സഭയുടെ നയം ഔദ്യോഗികം എന്ന രീതിയിൽ അവതരിപ്പിച്ചതാണ് ഇത്രയും കടുത്ത നടപടികളിലേയ്ക്ക് നീങ്ങാൻ സുന്നഹദോസിനെ നിർബന്ധിതമാക്കിയത്.

## മെത്രാൻ തിരഞ്ഞെടുപ്പ്: പുതിയ സംവിധാനം ഉടനെ

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: മലങ്കരസഭയിലെ മെത്രാൻ തിരഞ്ഞെടുപ്പിന് പുതിയ സംവിധാനം ഉടൻ നടപ്പിൽ വരുത്താൻ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധികളായ മൂന്ന് മെത്രാന്മാർ, രണ്ടു കൂട്ടു ട്രസ്റ്റികൾ, സെക്രട്ടറി, വൈദികസെമിനാരിയുടെ രണ്ടു പ്രതിനിധികൾ, മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുക്കുന്ന ഒരു വൈദികനും രണ്ട് അൽമായക്കാരുമടങ്ങുന്ന സമിതിയാവും ഇനി ഔദ്യോഗിക സ്ഥാനാർത്ഥികളെ നിശ്ചയിക്കുക. അവശ്യമുള്ളതിനേക്കാൾ കുറഞ്ഞത് 50% കൂടുതൽ ഔദ്യോഗിക സ്ഥാനാർത്ഥികൾ ഉണ്ടാവും. വിജയത്തിന് അസോസിയേഷൻ അംഗങ്ങളിൽ വൈദികരുടെയും അവൈദികരുടെയും പ്രത്യേക ഭൂരിപക്ഷം (50% + 1) എന്നതിൽ മാറ്റമില്ല. ഈ രീതി മാറ്റാൻ ചില മെത്രാന്മാർ ശ്രമിച്ചെങ്കിലും ജൂണിയർ മെത്രാന്മാരിൽ ചിലരുടെ ശക്തമായ എതിർപ്പിനെ തുടർന്ന് അത് വിജയിച്ചില്ല.

നിലവിലുള്ള ചട്ടമനുസരിച്ച് അതത് ഭദ്രാസനത്തിൽപ്പെട്ടവരെ മാത്രമേ ഓരോ മെത്രാപ്പോലീത്തായ്ക്കും ശുപാർശ ചെയ്യാനാവൂ. പുതുക്കിയ ചട്ടമനുസരിച്ച് ഏതു മെത്രാപ്പോലീത്തായ്ക്കും ശുപാർശ ചെയ്യാമെന്നാക്കിയിട്ടുണ്ട്. വ്യക്തിവൈരാഗ്യം മൂലം ചില മെത്രാന്മാർ ചില വൈദികരെ നാമനിർദ്ദേശം ചെയ്തില്ല എന്ന പരാതി ഇതിനാൽ ഒഴിവാകും. എന്നാൽ മെത്രാന്മാർക്കല്ലാത്തവർക്ക് ഔദ്യോഗിക പാനലിലേയ്ക്കു ശുപാർശ ചെയ്യാനാവുമോ എന്നു വ്യക്തമല്ല. റോമൻ കത്തോലിക്കാ സഭയിലേതുപോലെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം മെത്രാന്മാർക്ക് മാത്രമായി പരിമിതപ്പെടുത്താൻ ചില മെത്രാന്മാർ നടത്തിയ ശ്രമം സുന്നഹദോസ് അംഗങ്ങൾ തന്നെ പരാജയപ്പെടുത്തി.

## സെമിനാരി വിദ്യാഭ്യാസമില്ലാത്ത രണ്ടു പേർക്കേ പട്ടം കൊടുത്തിട്ടുള്ളുവെന്ന്

കോട്ടയം: സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ സെമിനാരി വിദ്യാഭ്യാസമില്ലാത്ത രണ്ടുപേർക്കേ പട്ടം കൊടുത്തിട്ടുള്ളുവെന്നും സെമിനാരി വിദ്യാഭ്യാസമില്ലാത്തവർക്ക് പട്ടം കൊടുക്കുന്നതിൽ ഒന്നാമൻ അദ്ദേഹമാണെന്ന പരാമർശം തെറ്റാണെന്നും കൊച്ചി ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്ന ഫാ. കുറിയാക്കോസ് വർഗീസ് (തൃശൂർ) അറിയിച്ചു. ഈ വിഷയം സംബന്ധിച്ച് അൽമായവേദി ന്യൂസ് ബുള്ളറ്റിനിൽ വന്ന വാർത്തയോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ജൂൺ 5-ന് പ. കാതോലിക്കാ ബാവാ മെത്രാപ്പോലീത്തന്മാർക്ക് അയച്ച കല്പന തന്റെ കൈവശമുണ്ടെന്നും അതിന്റെ കോപ്പി അയച്ചുതരാമെന്നും അദ്ദേഹം പറഞ്ഞു.

## മാനേജിംഗ് കമ്മറ്റി പ്രക്ഷുബ്ധമായി

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: ഓഗസ്റ്റ് എട്ടിനു നടന്ന മാനേജിംഗ് കമ്മറ്റി യോഗം പ്രക്ഷുബ്ധമായ രംഗങ്ങൾ സൃഷ്ടിച്ചു. നടപടിച്ചട്ടങ്ങൾ ലംഘിച്ചും ഉപചോദ്യങ്ങൾ അനുവദിക്കാതെയും കൃത്യമായ ഉത്തരം നൽകാതെയും ചോദ്യോത്തരവേള നടത്തിയതിനാണ് അംഗങ്ങൾ പ്രകോപിതരായത്.

ഒന്നര മണിക്കൂറിലധികം സമയമെടുത്തിട്ടും മുൻകൂട്ടി നൽകിയിരുന്ന ചോദ്യങ്ങളിൽ ഒൻപതെണ്ണത്തിനു മാത്രമാണ് മറുപടി നൽകിയത്. ഉത്തരങ്ങൾ വ്യക്തമല്ലായിരുന്നെങ്കിലും ദീർഘസ

മയത്തെ പ്രസംഗത്തോടെയാണ് സെക്രട്ടറി ഓരോ ചോദ്യത്തിനും ഉത്തരം നൽകിയത്.

ഉച്ചയ്ക്ക് 12.10 ന് ബജറ്റ് അവതരണം റിപ്പോർട്ട് ചെയ്യാൻ മുൻപതിവില്ലാത്തവിധം മാധ്യമപ്രവർത്തകർ എത്തിയതിനാൽ ചോദ്യോത്തരം അവസാനിപ്പിച്ച് സെക്രട്ടറി വിവാദ ബജറ്റ് അവതരണത്തിലേക്ക് കടന്നു. സഭയുടെ സുപ്രധാന സംഭവങ്ങൾ പോലും മാധ്യമ ദൃഷ്ടിയിൽ പെടാതിരിക്കെ സെക്രട്ടറിയുടെ ബജറ്റവതരണം ഒപ്പിയെടുക്കാൻ ഇത്രയധികം മാധ്യമ പ്രവർത്തകർ എങ്ങനെയെത്തിയെന്ന് ചില അംഗങ്ങൾ ചോദിക്കുന്നുണ്ടായിരുന്നു.

ഈ ബജറ്റവതരണവേളയിലാണ് നിയമാനുസൃത സമതികളുടെ തീരുമാനമില്ലാതെ സെക്രട്ടറി ഏകപക്ഷീയമായി സഭയുടെ നയപ്രഖ്യാപനം നടത്തിയത്. ഭരണഘടനപ്രകാരം സഭയുടെ മുഖ്യകാര്യ നിർവാഹകൻ മലങ്കര മെത്രാപ്പോലീത്താ ആയിരിക്കെ *എന്റെ ഭരണത്തിൻ കീഴിലുള്ള* എന്ന് ചില സ്ഥാപനങ്ങളെപ്പറ്റി സെക്രട്ടറി പരാമർശിച്ചതും ചില മെത്രാന്മാരെയും അംഗങ്ങളെയും ചൊടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണമാണ് പിറ്റേദിവസം സുന്നഹദോസിൽ സെക്രട്ടറിയെയും ട്രസ്റ്റിമാരെയും അവരവരുടെ ചുമതലകൾ എന്താണെന്ന് പറഞ്ഞു മനസ്സിലാക്കുവാൻ പ. പിതാവിനെയും ശ്രേഷ്ഠ നിയുക്തബാവായെയും ചുമതലപ്പെടുത്തിയത്.

നടപടികൾ പൂർത്തിയാക്കാനാവാതെ വന്നതിനാൽ മാനേജിംഗ് കമ്മിറ്റിയുടെ തുടർയോഗം ഓഗസ്റ്റ് 16 ന് കൂട്ടുവാൻ തീരുമാനിച്ചാണ് പിരിഞ്ഞത്.

നേരത്തെ ഓഗസ്റ്റ് എട്ടിലെ പൊതു പണിമുടക്കുമൂലം അംഗങ്ങളുടെ യാത്ര തടസ്സപ്പെടും എന്നതിനാൽ യോഗം ഒരു ദിവസമെങ്കിലും മാറ്റിവയ്ക്കണമെന്ന് പല വർക്കിംഗ് കമ്മറ്റി അംഗങ്ങളും ആവശ്യപ്പെട്ടെങ്കിലും സെക്രട്ടറി 8 നു തന്നെ യോഗം നടത്തണമെന്നതിൽ ഉറച്ചുനിന്നു. സബ് കമ്മറ്റികളിലേയ്ക്കുള്ള നോമിനേഷനും, മാധ്യമശ്രദ്ധ കുറയുമെന്ന ഭയവുമാണ് അംഗങ്ങൾ എത്തിയില്ലെങ്കിലും യോഗം നടത്തണമെന്ന് വാശി പിടിക്കാൻ ചിലരെ പ്രേരിപ്പിച്ചതെന്നു പറയപ്പെടുന്നു.

കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ മെത്രാന്മാരുടെ റിട്ടയർമെന്റിനും ട്രാൻസ്ഫറിനും വേണ്ടി ഘോരഘോരം വാദിച്ച സെക്രട്ടറി അതേപ്പറ്റിയുള്ള ഒരു ചോദ്യം അനുവദിക്കാതിരുന്നതും ചില അംഗങ്ങളെ ചൊടിപ്പിച്ചിട്ടുണ്ട്.

# നിയമിച്ചു

കോട്ടയം: വിവിധ സബ്കമ്മറ്റികളിലേയ്ക്കുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ട് (കോട്ടയം), പ്രൊഫ. സണ്ണി മാത്യു (സുൽത്താൻ ബത്തേരി), അഡ്വ. ബിജു ഉമ്മൻ (നിരണം) എന്നിവരെ പ. കാതോലിക്കാ ബാവാ നിയമിച്ചു.

ഈ കമ്മിറ്റിയിൽ ഫാ. ഡോ. എം. ഒ. ജോണിനെ ഉൾപ്പെടുത്തണമെന്ന് അസോസിയേഷൻ സെക്രട്ടറി ശക്തമായി വാദിച്ചെങ്കിലും പ. പിതാവ് പരിഗണിച്ചില്ല. മുമ്പ് ഫാ. ഡോ. എം. ഒ. ജോണിനെ വർക്കിംഗ് കമ്മറ്റിയിലുൾപ്പെടുത്തണമെന്നും സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.


**Pl. Visit**

**www.malankaraorthodox.tv/**


# റിബൽ സ്ഥാനാർത്ഥികളെ ഔദ്യോഗികമാക്കരുത്: അൽമായവേദി

കോട്ടയം: മെത്രാൻ തിരഞ്ഞെടുപ്പുകളിൽ മുമ്പ് ഔദ്യോഗിക പാനലിനെതിരെ മൽസരിച്ചവരെ ഇത്തവണ ഔദ്യോഗിക പാനലിൽ ഉൾപ്പെടുത്തരുതെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് ആവർത്തിച്ച് ആവശ്യപ്പെട്ടു.

സ്ഥാനമോഹം മൂലമാണ് അടുത്ത അവസരത്തിനായി കാത്തിരിക്കാതെ സ്വതന്ത്ര സ്ഥാനാർത്ഥികളായി ഇവർ മത്സരിച്ചത്. ലക്ഷക്കണക്കിന് രൂപ ചിലവാക്കി പ്രചരണം നടത്തിയവർ വരെ ഈ കൂട്ടത്തിലുണ്ട്. അവരിൽ ചിലരുടെ സഹായത്തോടെ ചില സ്ഥാനങ്ങളിൽ കയറിപ്പറ്റിയവർ ഇവരെ ഔദ്യോഗിക ലിസ്റ്റിൽ തിരുകികയറ്റാൻ ശ്രമിക്കുന്നുണ്ടെന്നും അൽമായവേദി മുന്നറിയിപ്പു നൽകി.

റിബൽ സ്ഥാനാർത്ഥികളെ പിന്നീട് ഔദ്യോഗികമാക്കുന്നത് കാനോൻ വിരുദ്ധമാണെന്നും അത് ഗുരുതരമായ അച്ചടക്ക ലംഘനത്തിനു വഴി വയ്ക്കുമെന്നും അൽമായവേദി ചൂണ്ടിക്കാട്ടി.

## വിശ്വാസപ്രഖ്യാപന റാലി: പുത്തൻകുരിശു സൊസൈറ്റി വിട്ടുനിന്നു

കോട്ടയം: ഓഗസ്റ്റ് 12 ന് കേരളത്തിലെ എപ്പിസ്ക്കോപ്പൽ സഭകൾ സംയുക്തമായി ന്യൂനപക്ഷാവകാശ സംരക്ഷണത്തിനായി നടത്തിയ വിശ്വാസപ്രഖ്യാപനറാലിയിൽ നിന്നും പുത്തൻകുരിശു സൊസൈറ്റി വിട്ടുനിന്നത് ശ്രദ്ധേയമായി.

എല്ലാ സഭകളും അഭിപ്രായ ഭിന്നതകൾ മറന്ന് സർക്കാരിന്റെ ന്യൂനപക്ഷാവകാശലംഘനത്തിനെതിരായി നടത്തിയ സമരത്തിൽ നിന്നും പുത്തൻകുരിശു സൊസൈറ്റി മാത്രമാണ് വിട്ടുനിന്നത്. ഇത് ഒരു ഗൂഢാലോചനയുടെ ഫലമാണന്ന് ആരോപണം ഉയർന്നിട്ടുണ്ട്.

സമീപഭാവിയിൽ തൃക്കുന്നത്ത് സെമിനാരിയിൽ വി. കുർബാന അർപ്പിക്കാൻ പുത്തൻകുരിശു വിഭാഗത്തിന് അവസരം ഒരുക്കാമെന്നും പകരമായി റാലിയിൽ നിന്നു വിട്ടു നിന്ന് ക്രൈസ്തവരുടെ ഇടയിൽ പിളർപ്പുണ്ടെന്നു വരുത്താമെന്നുമാണ് മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ട ഒരു മന്ത്രിയും പുത്തൻകുരിശു സൊസൈറ്റിയും തമ്മിലുണ്ടാക്കിയ ധാരണ എന്നാണറിയുന്നത്. ഈ മന്ത്രി മുമ്പും പുത്തൻകുരിശു സൊസൈറ്റിയെ നിയമവിരുദ്ധമായി സഹായിച്ചിട്ടുണ്ടെന്ന ആരോപണവിധേയനാണ്.

തൃക്കുന്നത്തു സെമിനാരിയിലെ ഇപ്പോഴത്തെ അന്തരീക്ഷം തങ്ങളുടെ നിയമവിരുദ്ധ പ്രവേശനത്തിന് തികച്ചും അനുകൂലമാണെന്ന് പുത്തൻകുരിശു സൊസൈറ്റി കണക്കു കൂട്ടുന്നു. 2007 ജനുവരി 25 നു തങ്ങളെ പ്രവേശിക്കാൻ സഹായിച്ച ഘടകങ്ങൾ ഇപ്പോഴും സെമിനാരി ഭരണത്തിൽ തുടരുന്നതുകൊണ്ട് അതേ സഹായം വീണ്ടും ഉണ്ടാകുമെന്നാണ് അവരുടെ കണക്കുകൂട്ടൽ.

മാത്രമല്ല, മുമ്പ് തൃക്കുന്നത്ത് തങ്ങളുടെ നിയമവിരുദ്ധ പ്രവേശനം തടഞ്ഞുവന്നിരുന്ന അങ്കമാലി ഭദ്രാസനത്തിലെ അൽമായ നേതാക്കളെയും ജനത്തെയും പൂർണ്ണമായി തൃക്കുന്നത്തു സെമിനാരിയിൽ നിന്നു ബഹിഷ്കരിച്ചതിനാൽ എതിർപ്പു കൂടാതെ പ്രവേശിക്കാനാവുമെന്നും ഇവർ കണക്കുകൂട്ടുന്നു.

സഭാകേന്ദ്രത്തെ 2007 ജനുവരി 25 നു പ്രശ്നമുണ്ടാകില്ലെന്നു തെറ്റിദ്ധരിപ്പിച്ചവർ ഇക്കാര്യത്തിലും അതേ സമീപനം സ്വീകരിക്കാനാണ് സാദ്ധ്യത.

# പാത്രിയര്‍ക്കീസിന്റെ സെക്രട്ടറിയെ മാറ്റണം: ശ്രേഷ്ഠ കാതോലിക്ക

കൊച്ചി: സഖാ പ്രഥമന്‍ പാത്രിയര്‍ക്കീസിന്റെ സെക്രട്ടറിയായി പ്രവര്‍ത്തിക്കുന്ന ഗീവര്‍ഗീസ് മാര്‍ അത്താനാസ്യോസിനെ (ഈരാളില്‍) തല്‍സ്ഥാനത്തു നിന്നും നീക്കണമെന്ന് തോമസ് പ്രഥമന്‍ പാത്രിയര്‍ക്കീസിനോട് ആവശ്യപ്പെട്ടു. കഴിഞ്ഞമാസം പാത്രിയര്‍ക്കീസിനെ സന്ദര്‍ശിച്ചപ്പോഴാണ് ഈ ആവശ്യം ഉന്നയിച്ചത്. വിദ്യാസമ്പന്നനായ ഈരാളില്‍ മെത്രാപ്പോലീത്താ തോമസ് പ്രഥമന് അനഭിമിതനാണെന്നു പറയപ്പെടുന്നു.

മൂന്നു മെത്രാന്മാരെ കൂടി വാഴിക്കാന്‍ അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതോടെ ചുരുങ്ങിയ കാലത്തിനുള്ളില്‍ പത്ത് മെത്രാന്മാരെ വാഴിച്ച് പൗലൂസ് ദ്വിതീയന്റെ റിക്കാര്‍ഡ് മറികടക്കാനാണ് ശ്രമമെന്നു പറയപ്പെടുന്നു.

സ്വന്തം സഭയിലെ രൂക്ഷമായ ആഭ്യന്തര പ്രശ്നങ്ങളില്‍പ്പെട്ടുഴലുന്ന പാത്രിയര്‍ക്കീസ് ഈ ആവശ്യങ്ങളോട് എങ്ങനെ പ്രതികരിച്ചെന്ന് അറിവായിട്ടില്ല.

# ചരിത്രപണ്ഡിതനെ കണ്ടവരുണ്ടോ?

പഴയസെമിനാരിയില്‍ നടന്ന അല്‍മായ നേതൃത്വ പരിശീലന ക്യാമ്പില്‍ അസോസിയേഷന്‍ സെക്രട്ടറി പ്രസംഗം തകര്‍ക്കുന്നു. പ്രസംഗത്തിനിടയില്‍ 1934 ലെ ഭരണഘടന രൂപീകരിച്ച കമ്മറ്റിയില്‍ വൈദികരില്ലായിരുന്നു എന്ന് സെക്രട്ടറി തട്ടിവിട്ടു. പതിനേഴംഗ കമ്മറ്റിയില്‍ അഞ്ചുപേര്‍ വൈദികരായിരുന്നു എന്നു ക്യാമ്പില്‍ സംബന്ധിച്ച അല്‍മായവേദി ജനറല്‍ സെക്രട്ടറി തെളിവു സഹിതം ചൂണ്ടിക്കാട്ടിയെങ്കിലും അസോ. സെക്രട്ടറി സമ്മതിച്ചില്ല. തനിക്ക് ആധികാരിക സഭാചരിത്രകാരനില്‍ നിന്നും ലഭിച്ച വിവരമാണെന്നും അതു തെറ്റുകയില്ലെന്നും സ്വതസിദ്ധമായ ധാര്‍ഷ്ട്യത്തോടെ സെക്രട്ടറി പറഞ്ഞു.

രേഖകള്‍ക്ക് വിപരീതമായി സഭാചരിത്രം പടച്ചുണ്ടാക്കുന്ന പ്രസ്തുത ചരിത്രകാരനെ കണ്ടവരുണ്ടോ?

# അബ്ദുള്‍ മശിഹാ പാത്രിയര്‍ക്കീസിനെ വിസ്മരിച്ച് ഒരു ആഗസ്റ്റ് 15

**സവ്യസാചി**

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും സ്വയംശീര്‍ഷകത്തിനും ഏറ്റവുമധികം സഭ കടപ്പെട്ടിരിക്കുന്നവരില്‍ ഒരാള്‍ അബ്ദുള്‍ മശിഹാ പാത്രിയര്‍ക്കീസാണ്. 1912 സെപ്റ്റംബര്‍ 12-ാം തീയതി മുറിമറ്റത്തില്‍ മാര്‍ ഈവാനിയോസ് മെത്രാപ്പോലീത്തായെ മലങ്കരയുടെ ആദ്യത്തെ കാതോലിക്കായായി വാഴിച്ച സംഭവം സഭാസ്വാതന്ത്ര്യത്തിനായി വട്ടശ്ശേരില്‍ തിരുമേനിയുടെ നേതൃത്വത്തില്‍ നടത്തിയ സുദീര്‍ഘമായ യുദ്ധത്തിന്റെ മഹത്തായ വഴിത്തിരിവായിരുന്നു. ആഗസ്റ്റ് 15 ന് കാലം ചെയ്ത കാനോനിക പാത്രിയര്‍ക്കീസായ അബ്ദുള്‍ മശിഹാ ബാവായുടെ ഓര്‍മ്മ ദിവസം ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിനും ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിനുമൊപ്പം മലങ്കരസഭ ആഘോഷിച്ചിരുന്നു. 1958-ന് മുന്‍പും അതിനു ശേഷവും ഇതായിരുന്നു പതിവ്. തെളിവു വേണ്ടവര്‍ പ്രസ്തുത വര്‍ഷങ്ങളിലെ സഭാ പഞ്ചാംഗം പരിശോധിച്ചാലും.

എന്നാല്‍ ഈ വര്‍ഷം അബ്ദുള്‍ മശിഹാ പാത്രിയര്‍ക്കീസിന്റെ പേര് ആഗസ്റ്റ് 15-ാം തീയതി സ്മരിക്കേണ്ടതില്ലെന്ന് ദേവലോകം കോക്കസ് തീരുമാനിച്ചു. വിഭജനവാദികളുടെ സ്വാധീനത്തിന് വഴങ്ങി സഭാ ഭരണഘടനയില്‍ നിന്നും അന്ത്യോഖ്യാ പാത്രിയര്‍ക്കീസിനെ സംബന്ധിക്കുന്ന വ്യവസ്ഥകള്‍ ഒഴിവാക്കുവാന്‍ ചരടുവലി നടത്തുന്ന അതേ കോക്കസാണ് ഇതിനു പിന്നിലെന്നും സംശയിക്കപ്പെടുന്നു.

സ്വന്തം മൂക്കിനപ്പുറം ദര്‍ശിക്കുവാന്‍ കഴിയാത്ത ചില സങ്കുചിതമനസ്ക്കരുടെ പിടിയില്‍ സഭാഭരണം പെട്ടുപോയതിന്റെ പരിണിതഫലങ്ങളാണിതെല്ലാം. സഭയ്ക്ക് വിശാലമായ അടിത്തറയുണ്ടാകുന്നതിലൂടെ അരക്ഷിതരാകുന്ന ചില കുഞ്ഞുകിണറ്റിലെ തവളക്കുഞ്ഞുങ്ങള്‍ ചരിത്രത്തെ വികലമാക്കുന്ന ഈ പ്രക്രിയ സഭാജനങ്ങള്‍ ഒന്നിച്ച് പ്രതിരോധിക്കേണ്ടതാണ്.




**രാവിലെ പത്രം നോക്കിയിട്ടും പത്രങ്ങളുടെ ഇന്റര്‍നെറ്റ് എഡിഷന്‍ പരതിയിട്ടും മലങ്കരസഭാ വാര്‍ത്തകളൊന്നും കണ്ടില്ലേ? നിരാശപ്പെടേണ്ട.**

**നമുക്ക് നമ്മുടെ സ്വന്തം മാധ്യമമുണ്ടല്ലോ? മലങ്കര ഓര്‍ത്തഡോക്സ് ടി. വി. കാഴ്ചയുടെയും കേള്‍വിയുടെയും അപൂര്‍വ്വ അനുഭവം. വിസ്മയങ്ങളും അദ്ഭുതങ്ങളുമായി എം. ടി. വി. നിങ്ങളെ കാത്തിരിക്കുന്നു**

**ആരും കാണാത്ത കാഴ്ചകളും വായുവിലലിഞ്ഞു പോകുമായിരുന്ന വചനങ്ങളും ഇനി നിങ്ങള്‍ക്ക് കാണുകയും കേള്‍ക്കുകയും ചെയ്യാം**

**മലങ്കര ഓര്‍ത്തഡോക്സ് ടിവി**

സന്ദര്‍ശിക്കുക

**www.malankaraorthodox.tv/**



**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam Editor: Shelly John**